(സി-ഇ) തടസ്സങ്ങളൊന്നും നിലവിലില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

വൈക്കം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

47 (1357) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ എന്നും അറിയിക്കുമോ ;

(സി) ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിട്ടും ടെണ്ടർ വിളിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാവുമെന്നും എന്ന് പണി പൂർത്തിയാക്കാനാവുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) കെട്ടിടത്തിന്റെ ആർക്കിടക്ചറൽ ഡ്രായിംഗും സോയിൽ ഇൻവെസ്റ്റിഗേഷനും പൂർത്തിയായിട്ടുണ്ട്. സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു.

(ബി) സ്ട്രക്ചറൽ ഡ്രോയിംഗ് പൂർത്തിയാക്കിയ ശേഷം എസ്റ്റിമേറ്റ് തുക കണക്കാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതാണ്.

(സി&ഡി) ഭരണാനുമതിയും പ്രത്യേകാനുമതിയും സാങ്കേതികാനുമതിയും നൽകിയാലുടൻ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

തിരുവനന്തപുരം കളക്ടറേറ്റിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

48 (1358) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കളക്ടറേറ്റിന് സമീപത്തെ കോടതികളുടെ പ്രവർത്തനം സമരം ഉണ്ടാകുമ്പോൾ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം കളക്ടറേറ്റിന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് വേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ കളക്ടറേറ്റ് മന്ദിരത്തിന് സമീപം ആർ.ഡി.ഒ., പോലീസ്, ഡി.പി.ഒ. ഇൻഫർമേഷൻ വകുപ്പ് തുടങ്ങിയ പ്രധാന ജില്ലാതല ഓഫീസുകൾക്കൂടി പ്രവർത്തിപ്പിക്കുന്നതിന് സൗകര്യമൊരുക്കുമോ ;

(ഡി) നിലവിൽ കളക്ടറേറ്റ് മന്ദിരത്തിനായി പരിഗണിക്കുന്നത് ഏതെല്ലാം സ്ഥലങ്ങളാണെന്ന് അറിയിക്കാമോ ;

(ഇ) കുടപ്പനക്കുന്ന് കൃഷി-മൃഗ സംരക്ഷണ ഫാമുകളുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം കളക്ടറേറ്റ് മന്ദിരത്തിനുവേണ്ടി ഏറ്റെടുക്കുന്നത് പരിഗണിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കളക്ടറേറ്റ് ഉൾപ്പെടെയുള്ള 50 സർക്കാർ ഓഫീസുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പരിഗണിക്കാവുന്നതാണ്.

(ഡി&ഇ) തീരുമാനിച്ചിട്ടില്ല.

ചൊവ്വര റെയിൽവേ ഗേറ്റിന് മേൽപ്പാലം പണിയുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ കൈക്കൊണ്ട തീരുമാനം

49 (1359) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചൊവ്വര റെയിൽവേ ഗേറ്റിന് മേൽപ്പാലം പണിയുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനം എടുത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) മേൽപ്പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

എക്സ്പ്രസ് ഹൈവേ കടന്നുപോകുന്ന കൂത്തുപറമ്പിലെ വില്ലേജുകൾ

50(1360) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽകൂടിയാണ് കടന്നുപോകുന്നത് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly